**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4186** **18-03-2025 - ൽ മറുപടിയ്ക്ക്**

**എം.എൽ.എ. എസ്.ഡി.എഫ് മാർഗ്ഗരേഖ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ചാണ്ടി ഉമ്മൻ** | | **ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | എം.എൽ.എ. എസ്.ഡി.എഫ്. ഉപയോഗപ്പെടുത്തി പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനായി നിലവിലുള്ള മാർഗ്ഗരേഖ പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (എ) | ബഹു. നിയമസഭാ സാമാജികർ പ്രത്യേക വികസന നിധിയുടെ മാർഗ്ഗനിർദേശങ്ങൾ സംബന്ധിച്ച് ധനകാര്യ വകുപ്പിൽ ലഭ്യമാക്കിയ നിർദ്ദേശങ്ങൾ കൂടി പരിഗണിച്ചുകൊണ്ട് പൊതുജനോപകാരപ്രദവും മൂലധന സ്വഭാവമുള്ളതുമായ കൂടുതൽ പ്രവൃത്തികൾക്ക് അനുമതി ലഭ്യമാക്കുന്ന തരത്തിൽ പ്രത്യേക വികസന നിധിയുടെയും, ആസ്തി വികസന പദ്ധതിയുടെയും, മാർഗ്ഗനിർദേശങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കാനുള്ള നടപടികൾ പുരോഗതിയിലാണ്. |
| (ബി) | എം.എൽ.എ. എസ്.ഡി.എഫ്. മാർഗ്ഗരേഖയിൽ 7.5% ഓവർ ഹെഡ് ചാർജ്ജ് അനുവദിക്കുന്നതിനാണ് അംഗീകാരം നൽകിയിട്ടുള്ളതെങ്കിലും ഗവൺമെന്റ് അപ്പ്രൂവ്ഡ് റേറ്റ് ആയി പ്രൈസ് സോഫ്റ്റ്‌വെയറിൽ ഉള്ളത് 10% ആണ് എന്നതിനാൽ എം.എൽ.എ. എസ്.ഡി.എഫ് -ൽ പുതിയ വർക്കുകൾക്ക് ഭരണാനുമതി നൽകാനാകാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | എം.എൽ.എമാരുടെ പ്രത്യേക വികസന നിധിയിൽ ഉൾപ്പെട്ട പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ ഉൾപ്പെടുത്താവുന്ന ഓവർഹെഡ് ചാർജ്ജ് നിരക്കിൻമേൽ വ്യക്തത നല്കുന്നത് സംബന്ധിച്ച് കോട്ടയം ജില്ലാ കളക്ടേറ്റിലെ ഫിനാൻസ് ഓഫീസർ സ്പഷ്ടീകരണം ആവശ്യപ്പെട്ടിട്ടുള്ളത് ഈ വകുപ്പിന്റെ NC-B1/185/2024-FIN (E: 2998220) നമ്പർ ഫയലിൽ പരിശോധിച്ചു വരുന്നു. |
| (സി) | ഇതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പിന്റെ സ്പഷ്ടീകരണം തേടിയിട്ടുണ്ടോ; എങ്കിൽ ഇതിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (സി) | എം.എൽ.എമാരുടെ പ്രത്യേക വികസന നിധിയിൽ ഉൾപ്പെട്ട പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ ഉൾപ്പെടുത്താവുന്ന ഓവർഹെഡ് ചാർജ്ജ് നിരക്കിൻമേൽ വ്യക്തത നല്കുന്നത് സംബന്ധിച്ച് കോട്ടയം ജില്ലാ കളക്ടേറ്റിലെ ഫിനാൻസ് ഓഫീസർ സ്പഷ്ടീകരണം ആവശ്യപ്പെട്ടിട്ടുള്ളത് ഈ വകുപ്പിന്റെ NC-B1/185/2024-FIN (E: 2998220) നമ്പർ ഫയലിൽ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ